നത്തിലാക്കുക—ഇതൊക്കെ ഇന്നത്തെ ഇന്ത്യയിൽ നടപ്പുള്ള കാര്യമാണോ? ബിഹാറിലെ ശ്രീ ജഗനാഥ് മിശ്രയ്ക്കോ, കേരളത്തിലെ ശ്രീ കരുണാകരനോ, മറേറതെങ്കിലും സ്റ്റേററിലും മുഖ്യമന്ത്രിക്കോ—എന്തിന്, ശ്രീമതി ഇന്ദിരാഗാന്ധിക്കുതന്നെയോ—ഈ മാതിരി മൗലികങ്ങളായ പരിഷ്കാരങ്ങൾ ഉന്നതവിദ്യാഭ്യാസത്തിൽ വരുത്തുവാൻ ധൈര്യമോ, ശക്തിയോ ഉണ്ടോ?

ഉന്നതവിദ്യാഭ്യാസത്തിന്റെ മാത്രമല്ല, ഇന്ത്യയിൽ ബഹുജനജീവിതത്തിന്റെ എല്ലാ വശങ്ങളുടെയും, പ്രശ്നം അവസാനവിശകലനത്തിൽ, ഒന്നാണ്: സർക്കാരിന്റെ ഇച്ഛാശക്തിയുടെ പരാജയം. എത്ര ചെറിയ പ്രശ്നവും അനന്തകാലത്തോളം വായിലിട്ടു തൊണ്ണുകൊണ്ടു ചവയ്ക്കാനല്ലാതെ, നിർണായകമായി കടിച്ചു മുറിക്കാൻ ഇന്ത്യയിലെ പല്ലുകൾ കൊഴിഞ്ഞ ജനാധിപത്യത്തിനു ശക്തിയില്ല, ആഗ്രഹവുമില്ല!

(21 ജൂൺ, 1983)

# 91. യൂണിവേഴ്സിററി പോലീസ്

നമ്മുടെ സർവകലാശാലകളിൽ പലതും സ്ഥിരം പ്രക്ഷോഭണവേദികൾ ആയി തീർന്നിട്ടുണ്ടല്ലോ. സമാധാനപൂർണമായ അന്തരീക്ഷത്തിൽ നടക്കേണ്ട അദ്ധ്യയനമെന്ന പ്രക്രിയ ഈ സർവകലാശാലകളിൽ തീരെ ഇല്ലാതായിട്ടുണ്ടെന്നതു പോകട്ടെ. സർവ്വകലാശാലകളിൽനിന്ന് പ്രക്ഷോഭണങ്ങൾ അടുത്തുള്ള നഗരങ്ങളിലേക്കു വ്യാപിച്ച് അവിടങ്ങളിലെ ജനജീവിതത്തെ താറുമാറാക്കുന്നതിന്റെ ഉദാഹരണങ്ങൾ ധാരാളമാണ്. കാമ്പസ് പ്രക്ഷോഭണങ്ങളുടെ ഫലമായി കോടിക്കണക്കിനു രൂപ വിലയുള്ള സ്വത്തുക്കൾ നഷ്ടപ്പെടുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും, പൊതുജനങ്ങൾക്കുകൂടിയും, സർവകലാശാലാ പ്രക്ഷോഭണങ്ങൾ നിമിത്തം ജീവഹാനി സംഭവിക്കുന്നതും അപൂർവമല്ല.

സർവകലാശാലകളിൽ സമാധാനം നിലനിർത്താൻ രൂപവല്കരിക്കേണ്ട സംവിധാനത്തെപ്പററി കേന്ദ്രഗവണ്മെൻറ് നിയമിച്ച നാഷനൽ പോലീസ് കമ്മീഷൻ ആലോചിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് പോലീസ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടികൾ നിർദേശിക്കാനായി, വൈസ്ചാൻസലർമാരുടെ ഒരു കമ്മററി രൂപവല്കരിക്കാൻ ഇപ്പോൾ യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു.

കാമ്പസ്സുകളിൽ അച്ചടക്കവും സമാധാനവും ഉറപ്പു വരുത്തുന്നതിനു വേണ്ടി പ്രത്യേകമായി 'യൂണിവേഴ്സിററി പോലീസ്സേന' നിലവിൽ വരുത്തണമെന്നതാണത്രെ പോലീസ് കമ്മീഷന്റെ മുഖ്യ ശുപാർശ. യൂണിവേഴ്സിററി പോലീസ്സേനയ്ക്കു നാഗരികപ്രതിരക്ഷയിൽ (സിവിൽ ഡിഫെൻസിൽ) ശരിയായ പരിശീലനം നൽകണം. അതിനു പുറമേ, സർവ്വകലാശാലാ കാമ്പസ്സുകളിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെപ്പററി ഈ പോലീസ്സേന അപ്പോഴപ്പോൾ വിവരം ശേഖരിക്കുകയും, ആവശ്യമായി വരുമ്പോൾ ഇത്തരം പ്രവർത്തനകേന്ദ്രങ്ങളിൽ കയറി പരിശോധന നടത്തുകയും വേണം. സാധാരണ പോലീസുകാരുടെ സഹായം കൂടാതെതന്നെ, കാമ്പസ്സുകൾക്ക് അകത്തുള്ള പ്രക്ഷോഭണങ്ങൾ അമർത്താൻ സർവകലാശാലാധികൃതർക്കു കഴിവു കൈവരു

ത്തുകയാണ് യൂണിവേഴ്സിററി പോലീസ്സേന ചെയ്യേണ്ടതു്. കാരണം, സാധാരണ പോലീസ് വിദ്യാർത്ഥിപ്രക്ഷോഭണങ്ങളിൽ ഇട പെടുന്നതു പിന്നീടു പല കുഴപ്പങ്ങൾക്കും കാരണമാകാറുണ്ടു്. പോലീസുകാർ പലപ്പോഴും വിദ്യാർത്ഥികളുടെമേൽ വേണ്ടതിലേറെ ബലം പ്രയോഗിച്ചെന്നുവരും; നയമില്ലാതെ പെരുമാറുകയുംചെയ്യും. ഇതിന്റെ ഫലം വമ്പിച്ച പൊട്ടിത്തെറികളായിരിക്കും. ഈ സ്ഥിതി ഒഴിവാക്കാൻ യൂണിവേഴ്സിററി പോലീസ്സേനയുടെ രൂപീകരണം സഹായിക്കു മെന്നാണ് പ്രതീക്ഷ.

പക്ഷേ, രോഗത്തിനുള്ള ചികിത്സയാണോ ഇതു്? എന്തുകൊണ്ടു സർവകലാശാലകളിൽ (കോളേജുകളിലും, സ്കൂളുകളിൽപ്പോലും) നിരന്തരം പ്രക്ഷോഭണങ്ങൾ പൊട്ടിപ്പുറപ്പെടുന്നു? ഈ പ്രക്ഷോഭണങ്ങൾക്കുള്ള അടിസ്ഥാനകാരണങ്ങളിലേക്കു് ഇറങ്ങിച്ചെല്ലാതെ, ഒരു പ്രത്യേക പോലീസ്സേന രൂപവല്ക്കരിക്കുന്നതുകൊണ്ടുമാത്രം കാമ്പസ്സുകൾ സമാധാനമേഖലകളായി മാറുമോ?

സർവകലാശാലകൾക്കു മാത്രമായി ഒരു പോലീസ്സേന രൂപവത്കരിക്കുകയും, ഈ സേനയെ കാമ്പസ്സുകളിൽ സ്ഥിരമായി കുടി പാർപ്പിക്കുകയുമാണെങ്കിൽ കാമ്പസ്സിനകത്തു നടക്കുന്ന രഹസ്യപ്രവ ത്തനങ്ങളെ ഉടനടൻ കണ്ടുപിടിച്ചു തടയാൻ കഴിഞ്ഞേക്കും. പക്ഷേ, ഇത്തരമൊരു ചാരവിഭാഗത്തെ വിദ്യാർത്ഥികൾ തങ്ങളുടെ ഇടയിൽ പൊറുപ്പിക്കുമോ? 'ചാരന്മാരെ പുറംതള്ളുക' എന്നതാവില്ലേ, പിന്നീടു പ്രക്ഷോഭകരുടെ മുദ്രാവാക്യം?

കാമ്പസ് പോലീസ്, അധികം കഴിയും മുമ്പു്, കാമ്പസ് രാഷ്ട്രീയത്തിൽ സക്രിയപങ്കാളികളായിത്തീരാനുള്ള സാദ്ധ്യതയും കുറവല്ല. ഇതു് ഇപ്പോൾ ഉള്ളതിൽ കൂടുതൽ ആപത്തിനു കാരണമായിത്തീരുകയില്ലേ?

സർവകലാശാലകളിൽ പ്രക്ഷോഭണം നടത്തുന്നതു് വിദ്യാർത്ഥികൾ മാത്രമല്ലല്ലോ. ഈയിടെയായി സർവകലാശാലകളെ 'സ്തംഭിപ്പിക്കുന്ന' പ്രക്ഷോഭണങ്ങൾ അധികവും അദ്ധ്യാപകരോ, അദ്ധ്യാപകേതര ജീവനക്കാരോ സംഘടിപ്പിക്കുന്നവയാണ്. യൂണിവേഴ്സിററി പോലീസ്സേന, അദ്ധ്യാപകേതര ജീവനക്കാരിൽപ്പെടുമല്ലോ. സമരങ്ങളുടെ മുന്നണിയിൽ ഈ പോലീസുകാരെ, സമരം നിയന്ത്രിക്കുന്നവരെന്നനിലയിലല്ലാതെ, സമരം നയിക്കുന്നവരെന്ന നിലയിൽ, കാണാനുള്ള സാദ്ധ്യത കുറച്ചൊന്നുമല്ല.

സർവകലാശാലാ പോലീസിനു തോക്കുപോലുള്ള ആയുധങ്ങൾ കൊടുക്കാമോ എന്ന പ്രശ്നവും ഉത്ഭവിക്കും. ശരിയായ ആയുധം കൈയിലില്ലാതെ അവർ എങ്ങനെ പ്രക്ഷോഭണങ്ങളിൽ ഇടപെടും? നിലവിലുള്ള കാവല്ക്കാരിൽനിന്നു് ഈ പോലീസുകാർ എങ്ങനെ, എവിടെ വെച്ചു്, വ്യത്യാസപ്പെടുന്നു എന്നു പറയുക പ്രയാസമായിരിക്കും.

അതിനാൽ, ഒരു യൂണിവേഴ്സിററി പോലീസ്സേന രൂപവത്കരിച്ചശേഷവും, നിർണായകഘട്ടങ്ങളിൽ സാധാരണ പോലീസോ, പട്ടാളംതന്നെയോ സർവകലാശാലാ പ്രക്ഷോഭണങ്ങളിൽ ഇടപെടേണ്ടതായി വന്നുകൂടായ്കയില്ല. അപ്പോൾ യൂണിവേഴ്സിററി പോലീസ്സേന കാമ്പസ്സുകളിൽ സമാധാനം നിലനിർത്തുന്നതിനാവില്ല, സമാധാനപാലനം ദുഷ്കരമാക്കുന്നതിനാവും പ്രയോജനപ്പെടുക.

സർവകലാശാലാ കാമ്പസ്സുകളിൽ സമാധാനം പുലർത്താനുള്ള ഉത്തരവാദിത്തം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യപകേതര ജീവനക്കാർക്കുമുള്ളതാണ്. ഈ ചുമതല നിറവേററുന്നതിൽ ഇവരിൽ ഏതെങ്കിലും ഒരു വിഭാഗം പരാജയപ്പെടുകയാണെങ്കിൽ, അത്തരം അവ

സരങ്ങളിൽ പോലീസിനെയോ, പട്ടാളത്തെയോ ഇടപെടുത്തണമോ എന്ന സർവകലാശാലാധികൃതർ തീരുമാനിക്കുകതന്നെവേണം. ശമ്പളം വാങ്ങാതെ സന്നദ്ധസേവനം നടത്തുന്നവരല്ല വൈസ്ചാൻസലർമാരും പ്രിൻസിപ്പൽമാരും. തീരുമാനമെടുക്കുന്നതിന്റെ ഉത്തരവാദിത്തം അവർ ഏറ്റെടുത്തേ മതിയാവൂ.

എന്തുകൊണ്ട് കാമ്പസ് പ്രക്ഷോഭണങ്ങൾ? പ്രക്ഷോഭണങ്ങൾക്കു കളമൊരുക്കുന്ന പരിതഃസ്ഥിതികളെ ഒഴിവാക്കാൻ എന്തുകൊണ്ടു തല്പരകക്ഷികൾ കൂടെക്കൂടെ കൂടിയാലോചിക്കുന്നില്ല? അദ്ധ്യാപകർ പറയുന്നതു് വിദ്യാർത്ഥികളും വിദ്യാർത്ഥികൾ പറയുന്നതു് അദ്ധ്യാപകരും, ഈ രണ്ടു കൂട്ടരും പറയുന്നതു് മററു് അധികൃതരും എന്തുകൊണ്ട് ശ്രദ്ധിക്കുന്നില്ല?

തങ്ങളുടെ ഉത്തരവാദിത്തം ഒഴിവാക്കാൻവേണ്ടി സാധാരണ പോലീസുകാർ ഉന്നയിച്ച ഒരു കറക്കുവഴിയായേ യൂണിവേഴ്സിററി പോലീസ് സേന രൂപവത്കരണനിർദേശത്തെ കണക്കാക്കുവാൻ കഴിയൂ വൈസ് ചാൻസലർമാരേ, നിങ്ങൾ ഈ നിർദേശത്തെ കൈയോടെ തള്ളിക്കളയുക!

# 92. നിയമവിദ്യാഭ്യാസത്തിനു് അഞ്ചുവർഷ കോഴ്സ്

ഇന്ത്യയിൽ നിയമവിദ്യാഭ്യാസം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത നിയമവിദഗ്ധരുടെയും വിദ്യാഭ്യാസവിദഗ്ധരുടെയും ശ്രദ്ധയിൽ പെട്ടിട്ടു വളരെ വർഷങ്ങളായി. അതിത്വരിതമായി വികസിച്ചുകൊണ്ടിരുന്ന ഒരു വിജ്ഞാനമേഖലയാണ് നിയമം. പുതിയ പുതിയ ഉപവിഭാഗങ്ങൾ നിയമവിജ്ഞാനത്തിൽ ആവിർഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ഉപവിഭാഗങ്ങൾ ഓരോന്നിലും വിദഗ്ധ പരിശീലനം നേടുന്നവർക്കു മാത്രമേ കോടതികളിൽ കാര്യക്ഷമമായി വ്യവഹരിക്കുവാനും കക്ഷികൾക്കു നീതി നേടിക്കൊടുക്കാനും കഴിയൂ എന്ന നില വന്നുകഴിഞ്ഞിട്ടുണ്ട്.

സയൻസിലോ, ആർട്സിലോ പ്രാഥമികബിരുദം നേടിയവർക്കു രണ്ടു വർഷത്തെ നിയമവിദ്യാഭ്യാസം നൽകിയാൽ മതിയാവുമെന്നായിരുന്നു മുമ്പ് സർവകലാശാലകൾ കരുതിയിരുന്നതു്. പിന്നീട് നിയമവിദ്യാഭ്യാസത്തിന്റെ കാലാവധി മൂന്നു വർഷമായി വർദ്ധിപ്പിച്ചു. സാമാന്യനിയമത്തിൽ അടിസ്ഥാനപരമായ അറിവു കൈവരുന്നതിനു് മൂന്നു വർഷം തീരെ അപര്യാപ്തമാണെന്നും, മററു ചില വിജ്ഞാന വിഭാഗങ്ങളിൽ ഉള്ളതുപോലെ അഞ്ചു വർഷം നീണ്ട ഒരു പ്രഥമ ബിരുദ കോഴ്സ് നിയമത്തിലും നടപ്പിൽ വരുത്തണമെന്നും ഉള്ള വാദഗതി പല കേന്ദ്രങ്ങളിലും ക്രമേണ ഉയർന്നുവന്നു. അഞ്ചു വർഷം നീണ്ട നിയമവിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിനു് സർവകലാശാലകളുടെ സഹകരണത്തോടെ ഏഴു വർഷമായി ഇന്ത്യൻ ബാർ കൗൺസിൽ പ്രവർത്തിച്ചു വരികയാണ്. ഈ പ്രവർത്തനം ഇപ്പോൾ ഫലസിദ്ധിയിലെത്തിയിരിക്കുന്നു. മദ്രാസ് ഗവണ്മെൻറിന്റെ നിയമവിദ്യാഭ്യാസത്തിനായുള്ള ഡയറക്ടറേററിന്റെ കീഴിൽ അഞ്ചു വർഷം നീണ്ട നിയമവിദ്യാഭ്യാസപരിപാടി ഇക്കഴിഞ്ഞ നവംബർ 2–ാം തീയതി ഇന്ത്യയുടെ വൈസ് പ്രസിഡൻറ് ശ്രീ എം. ഹിദായത്തുള്ള ഉദ്ഘാടനംചെയ്തു. താമസിയാ